2024
MARCH
18
MONDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET
capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## കേരളത്തിൽ ഇത്തവണ 5.74 ലക്ഷം പേർ പുതിയ വോട്ടർമാർ



**തിരുവനന്തപുരം:** ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനവിധിയെഴുതാൻ സംസ്ഥാനത്ത് പോളിംഗ് ബൂത്തിലെത്തുക 2.7 കോടി വോട്ടർമാർ. രണ്ടാം ഘട്ടത്തിൽ ഏപ്രിൽ 26 നാണ് കേരളത്തിലെ വോട്ടെടുപ്പ്. അന്തിമ വോട്ടർപട്ടിക പ്രകാരം 2,70,99,326 വോട്ടർമാരാണ് സംസ്ഥാനത്ത് ആകെയുള്ളത്. ഇതിൽ 5,74,175 വോട്ടർമാർ പുതുതായി പേര് ചേർത്തവരാണ്. 1,39,96,729 പേർ സ്ത്രീകളാണ്. 1,31,02,288 പുരുഷ വോട്ടർമാരും 309 ട്രാൻസ് ജെൻഡർ വോട്ടർമാരുമുണ്ട്. ഏറ്റവും കൂടുതൽ വോട്ടർമാർ ഉള്ള ജില്ല മലപ്പുറമാണ്. 32,79,172 വോട്ടർമാരാണ് ഇവിടെയുള്ളത്. കുറവ് വയനാടാണ് (6,21,880). കൂടുതൽ സ്ത്രീ വോട്ടർമാർ ഉള്ളതും മലപ്പുറത്താണ്. 16,38,971 പേർ. കൂടുതൽ ട്രാൻസ്ജെൻഡർ വോട്ടർമാരുള്ളത് തിരുവനന്തപുരത്താണ്. 60 പേർ. പ്രവാസി വോട്ടർമാർ 88,223 പേരാണ് സംസ്ഥാനത്തുള്ളത്. കോഴിക്കോട് ജില്ലയിലാണ് കൂടുതൽ പേർ (34,909). സംസ്ഥാനത്ത് 25,177 പോളിങ് സ്റ്റേഷനുകളാണുള്ളത്.

അന്തിമവോട്ടർ പട്ടിക സംസ്ഥാന മുഖ്യതെരഞ്ഞെടുപ്പ് ഓഫിസറുടെ വെബ്സൈറ്റിൽ ലഭ്യമാണ്. താലൂക്ക് ഓഫിസുകളിലും വില്ലേജ് ഓഫിസുകളിലും ബൂത്ത് ലെവൽ ഓഫിസറുടെ കൈവശവും അന്തിമ വോട്ടർ പട്ടിക ലഭിക്കും.

അന്തിമ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ കഴിയാതെ പോയവർക്ക് ഇനിയും അവസരമുണ്ട്. പിന്നീട് കൂട്ടിച്ചേർത്തവരുടെയും ഒഴിവാക്കിയവരുടെയും പേരുകൾ ഉൾപ്പെടുത്തിയ അനുബന്ധപട്ടികയും പ്രസിദ്ധീകരിക്കും.

### ഇസ്രയേൽഹമാസ് സംഘർഷം

## ഇതുവരെ 13,000ത്തിലധികം കുട്ടികൾ കൊല്ലപ്പെട്ടെന്ന് യുണിസെഫ്



**ഗാസ സിറ്റി:** ഇസ്രായേൽഹമാസ് സംഘർഷവുമായി ബന്ധപ്പെട്ട് ഗാസയിൽ 13,000ത്തിലധികം കുട്ടികൾ കൊല്ലപ്പെട്ടുവെന്ന് യുണിസെഫ്. നിരവധി കുട്ടികൾ കടുത്ത പോഷകാഹാരക്കുറവ് അനുഭവിക്കുന്നുണ്ടെന്നും അവർക്ക് കരയാൻ പോലും ശക്തിയില്ലെന്നും ഏജൻസി കൂട്ടിച്ചേർത്തു.

ആയിരക്കണക്കിന് ആളുകൾക്ക് പരിക്കേറ്റിട്ടുണ്ട്. അവർ എവിടെയാണെന്ന് പോലും അറിയില്ല. തകർന്ന കെട്ടിടങ്ങളുടെ അവശിഷ്ടങ്ങൾക്കടിയിൽ കുടുങ്ങിയിരിക്കാം. ലോകത്തിലെ മറ്റേതൊരു സംഘട്ടനത്തിലും കുട്ടികൾക്കിടയിൽ ഇത്രയും മരണനിരക്ക് കണ്ടിട്ടില്ലെന്ന് യുണിസെഫ് എക്സിക്യൂട്ടീവ് ഡയറക്ടർ കാതറിൻ റസൽ സിബിഎസ് ന്യൂസിനോട് പറഞ്ഞു.

കടുത്ത പോഷകാഹാരക്കുറവ് കൊണ്ട് ബുദ്ധിമുട്ടുന്ന കുട്ടികളുടെ വാർഡുകളിൽ ഞാൻ ഉണ്ടായിരുന്നു. വാർഡ് മുഴുവൻ തികച്ചും നിശബ്ദമാണ്. കാരണം കുട്ടികൾക്കും കുഞ്ഞുങ്ങൾക്കും കരയാൻ പോലും ശക്തിയില്ല.കാതറിൻ റസൽ പറഞ്ഞു.

സഹായത്തിനായി ഗസയിലേക്ക് ട്രക്കുകൾ എത്തിക്കുന്നത് വളരെ വലിയ വെല്ലുവിളിയാണെന്നും റസൽ പറഞ്ഞു.

വടക്കൻ ഗാസയിൽ രണ്ട് വയസിന് താഴെയുള്ള മൂന്ന് കുട്ടികളിൽ ഒരാൾ പോഷകാഹാരക്കുറവും പട്ടിണിയും നേരിടുന്നുണ്ടെന്ന് പലസ്തീൻ എൻക്ലേവിൽ പ്രവർത്തിക്കുന്ന പ്രധാന യുഎൻ ഏജൻസി ശനിയാഴ്ച പറഞ്ഞു.

## പ്രതിസന്ധിയൊഴിയാതെ കേരളത്തിലെ റബർ കർഷകർ



**കൊച്ചി:** ഉയർന്ന കൂലിച്ചെലവും ഉത്പാദനക്ഷമതയിലെ ഇടിവും കേരളത്തിലെ റബർ കൃഷിക്ക് തിരിച്ചടിയാകുന്നു. വടക്കുകിഴക്കൻ സംസ്ഥാനങ്ങളാണ് കേരളത്തിൻറെ തളർച്ച മുതലെടുത്ത് മുന്നേറുന്നത്. റബർ ബോർഡും കേന്ദ്ര വാണിജ്യ മന്ത്രാലയവും ടയർ നിർമാതാക്കളുടെ സംഘടനയും സംയുക്തമായി വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ രണ്ട് ലക്ഷം ഹെക്ടർ സ്ഥലത്ത് റബർ പ്ലാൻറേഷൻ ആരംഭിച്ചതോടെ ഈ മേഖലയിലെ കേരളത്തിൻറെ അപ്രമാധിത്വം നഷ്ടമാകുകയാണ്. 2021ൽ ആരംഭിച്ച വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ആരംഭിച്ച പദ്ധതി വൻ വിജയമാണെന്ന് ടയർ ഉത്പാദകർ പറയുന്നു.

ഓട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചേഴ്സ് അസോസിയേഷൻ (ആത്മ) 1,100 കോടി രൂപയാണ് പദ്ധതിക്കായി മുടക്കുന്നത്. കഴിഞ്ഞ വർഷം 30,000 ഹെക്ടറിൽ റബർ നട്ടു. മൂന്ന് വർഷത്തിനുള്ളിൽ ഒരു ലക്ഷം ഹെക്ടറിലേക്ക് കൂടി വ്യാപിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷ.

പ്രതിവർഷം അഞ്ച് ലക്ഷം മെട്രിക് ടൺ സ്വാഭാവിക റബറാണ് ഇന്ത്യ ഇറക്കുമതി ചെയ്യുന്നത്. ഇത് പരമാവധി കുറയ്ക്കലാണ് ടയർ നിർമാതാക്കളുടെ ലക്ഷ്യം. ആഭ്യന്തര ഉത്പാദനത്തിൽ 70 ശതമാനത്തിനടുത്ത് വിഹിതമുള്ള കേരളത്തിനും തമിഴ്നാടിനും അഞ്ച് ലക്ഷം ഹെക്ടർ സ്ഥലത്താണ് റബർ കൃഷി. ഒരു ലക്ഷം ഹെക്ടറിൽ കൃഷിയുമായി ത്രിപുരയാണ് രണ്ടാമത്.

അതേസമയം കേരളത്തിൽ റബർ ടാപ്പിങ് ഗണ്യമായി കുറയുകയാണ്. വരുമാനം കുറഞ്ഞതോടെ ഇടത്തരക്കാർ ടാപ്പിങ് നിർത്തി. മലയോര മേഖലകളിൽ റബർ മരങ്ങൾ വെട്ടിമാറ്റി പുതിയ വിളകൾ നടുന്നവരുടെ എണ്ണവും കൂടുകയാണ്. ഉത്പാദന ചെലവിലെ വർധനയാണ് കേരളത്തിലെ റബർ കർഷകർ നേരിടുന്ന പ്രധാന വെല്ലുവിളി. മൊത്തം ചെലവിൽ 67 ശതമാനം തൊഴിലാളികൾക്ക് നൽകുന്ന കൂലിയാണ്.

ഏറ്റവും ഉയർന്ന കൂലിച്ചെലവുള്ളപ്പോഴും തൊഴിലാളികളുടെ ഉത്പാദനക്ഷമത ഏറ്റവും കുറവ് കേരളത്തിലാണ്. സംസ്ഥാനത്ത് ഒരാൾ പ്രതിദിനം പരമാവധി 300 മരം ടാപ്പ് ചെയ്യുമ്പോൾ വിയറ്റ്നാമിലേത് 800 വരെയാണ്. സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മികച്ച ടാപ്പിങ് രീതികൾ വികസിപ്പിക്കാനും ശ്രമം ശക്തമാണ്.





എറണാകുളം എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണത്തിനായി എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയിൽ പൂർത്തിയായ ആദ്യഘട്ടത്തിന്റെ ഉദ്ഘാടനം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ നിർവ്വഹിക്കുന്നു. ഡോ. എ.കെ സഭാപതി, ടി.ജെ വിനോദ് എംഎൽഎ, എ എൻ ബിജു , ഹൈബി ഈഡൻ എം.പി, സി സി ജേക്കബ്,ആർക്കിടെക്റ്റ് പ്രൊഫ ബി ആർ അജിത് തുടങ്ങിയവർ സമീപം

# എസ്ആർവി സ്കൂളിന്റെ പൈതൃകം സംരക്ഷിക്കും: മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

**കൊച്ചി:** 180 വർഷത്തിലധികം പഴക്കമുള്ള എറണാകുളം എസ്ആർവി സ്കൂളിന്റെ പൈതൃകം സംരക്ഷിക്കുന്നതിന് സർക്കാർ ഉചിതമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. എറണാകുളം എസ്.ആർ.വി ഹൈസ്കൂളിലെ വെള്ളക്കെട്ട് നിവാരണത്തിനായി എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയിൽ പൂർത്തിയായ ആദ്യഘട്ടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിന്റെ വിവിധ മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച നിരവധി വ്യക്തിത്വങ്ങൾ പഠിച്ച എസ്ആർവി സ്കൂളിന്റെ പൈതൃകം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ പ്രസിഡന്റ് ആർക്കിടെക്റ്റ് പ്രൊഫ ബി ആർ അജിത് ചടങ്ങിൽ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്നായിരുന്നു ഇക്കാര്യം പരിഗണിക്കാമെന്ന് അദ്ദേഹം ഉറപ്പു നൽകിയത്. ലോക് സഭാ തിരഞ്ഞെടുപ്പിനു ശേഷം ഇത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പുരാവസ്തുവകുപ്പ് ഉദ്യോഗസ്ഥരെ നിയോഗിക്കുമെന്നും മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പറഞ്ഞു.

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ടി.ജെ വിനോദ് എംഎൽഎ അധ്യക്ഷത വഹിച്ചു.വെള്ളക്കെട്ട് നിവാരണ പദ്ധതിയ്ക്കായി സിഎസ് ആർ ഫണ്ട് മുഖേന 12 ലക്ഷം അനുവദിച്ച സെയിന്റ് ഗോബിയൻ ഗ്ലാസ് മാനേജിംഗ് ഡയറക്ടർ ഉണ്ണികൃഷ്ണന്റെ സന്ദേശം ചടങ്ങിൽ വായിച്ചു. നിർമ്മാണ ജോലി പൂർത്തിയാക്കിയ കൺസ്ട്രക്ഷൻ കമ്പനി ഉടമ സുനിൽ ബാബുവിനെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

ഹൈബി ഈഡൻ എം.പി, സ്കൂൾ രക്ഷാധികാരി ഡോ. എ.കെ സഭാപതി, പി.ടി. എ പ്രസിഡന്റ് രജീവ്, വെള്ളക്കെട്ട് നിവാരണ പദ്ധതി കമ്മിറ്റി വൈസ് പ്രസിഡന്റ് കർമ്മ ചന്ദ്രൻ, ഇന്ത്യൻ ടീം മുൻ ഫുട്ബോൾ താരവും എസ്.ആർ.വി ഓൾഡ് സ്റ്റുഡന്റ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റുമായ സി സി ജേക്കബ്, ജോയിന്റ് സെക്രട്ടറി എം ടി വർഗ്ഗീസ്, ഹൈസ്കൂൾ പ്രിൻസിപ്പാൾ എ എൻ ബിജു തുടങ്ങിയവർ സംസാരിച്ചു.

# കനിവ് 108 ആംബുലൻസ് സേവനത്തിന് ഇനി മൊബൈൽ ആപ്പും

**തിരുവനന്തപുരം:** കനിവ് 108 ആംബുലൻസിന്റെ സേവനം ശക്തമാക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായ രീതിയിൽ സജ്ജമാക്കിയ പുതിയ മൊബൈൽ അപ്ലിക്കേഷന്റെ ട്രയൽ റൺ ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 108 ആംബുലൻസിന്റെ സേവനം മൊബൈൽ അപ്ലിക്കേഷൻ വഴി ലഭ്യമാകുന്ന തരത്തിലാണ് ആപ്പ് രൂപകൽപന ചെയ്തിരിക്കുന്നത്.

നിലവിൽ 108 എന്ന നമ്പരിലേക്ക് വിളിക്കുമ്പോൾ മാത്രമാണ് സേവനം ലഭിക്കുന്നത്. ട്രയൽ റൺ വിജയകരമാക്കി ജൂൺ മാസത്തിൽ ആപ്പ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതോടെ മൊബൈൽ ആപ്പിലൂടെയും 108 ആംബുലൻസ് സേവനം ലഭ്യമാകുമെന്നും മന്ത്രി പറഞ്ഞു.

ജനങ്ങൾക്ക് കൂടുതൽ മികച്ച സേവനം ലഭ്യമാക്കുന്നതിനായി മന്ത്രി വീണാ ജോർജിന്റെ നിർദേശാനുസരണമാണ് കനിവ് 108 ആംബുലൻസ് പദ്ധതിയുടെ നടത്തിപ്പ് ചുമതലയുള്ള ഇ.എം.ആർ.ഐ ഗ്രീൻ ഹെൽത്ത് സർവീസസ് മൊബൈൽ ആപ്പ് വികസിപ്പിച്ചിരിക്കുന്നത്.

സേവനം തേടുന്ന വ്യക്തി അപ്ലിക്കേഷനിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്തിരിക്കുന്ന വിവരങ്ങളുടേയും മൊബൈൽ ഫോണിലെ ജിപിഎസ് സംവിധാനത്തിന്റേയും സഹായത്തോടെ അത്യാഹിതത്തിന്റേയും നടന്ന സ്ഥലത്തിന്റേയും കൃത്യമായ വിവരങ്ങൾ ആംബുലൻസിലേക്ക് കൈമാറാൻ സാധിക്കും. ഇതിലൂടെ ആംബുലൻസിന് വഴിതെറ്റാതെ കാലതാമസമില്ലാതെ എത്താൻ സാധിക്കും. മാത്രമല്ല സേവനം തേടിയയാൾക്ക് ആംബുലൻസ് വരുന്ന റൂട്ടും എത്താനെടുക്കുന്ന സമയവും തത്സമയം അറിയാൻ സാധിക്കും.

കനിവ് 108 ആംബുലൻസിലെത്തുന്ന രോഗികൾക്ക് ആശുപത്രികളിൽ വളരെ വേഗം ചികിത്സ ഉറപ്പാക്കാനുള്ള ഹോസ്പിറ്റൽ പ്രീ അറൈവൽ ഇന്റിമേഷൻ സിസ്റ്റം നടപ്പിലാക്കി വരുന്നു. ആദ്യഘട്ടമായി തിരുവനന്തപുരം മെഡിക്കൽ കോളേജ് അത്യാഹിത വിഭാഗത്തിൽ ഈ സംവിധാനം യാഥാർത്ഥ്യമാക്കി. 108 ആംബുലൻസിൽ ഒരു രോഗിയെ ആശുപത്രിയിലേക്ക് കൊണ്ട് വരുമ്പോൾ അതിന്റെ വിവരങ്ങൾ അത്യാഹിത വിഭാഗത്തിൽ സ്ഥാപിച്ചിരിക്കുന്ന സ്ക്രീനിൽ തെളിയും. ഇതിലൂടെ രോഗിയെത്തുന്നതിന് മുമ്പ് തന്നെ വേണ്ട ക്രമീകരണങ്ങളൊരുക്കാൻ സാധിക്കുന്നു. ഈ സംവിധാനം എല്ലാ പ്രധാന ആശുപത്രികളിലും നടപ്പിലാക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി.

# കൊച്ചി മെട്രോ രണ്ടാം ഘട്ടം: അവലോകന യോഗം നാളെ

**കൊച്ചി:** കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി വിവിധ ഗതാഗത ക്രമീകരണങ്ങൾ ആവശ്യമാണ്. പൊതുജനങ്ങൾക്ക് തടസ്സമുണ്ടാകാത്ത തരത്തിൽ ഗതാഗതക്രമീകരണങ്ങൾ ഒരുക്കുന്നതിനായി കെഎംആർഎൽ ഉദ്യോഗസ്ഥരും പൊലീസ്, ട്രാഫിക് തുടങ്ങിയ വിവിധ വകുപ്പുകളും പരിശ്രമങ്ങളിലാണ്. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ സമയത്ത് പൊതുജനങ്ങൾക്ക് ഗതാഗത തടസ്സമുണ്ടാകാത്ത തരത്തിൽ ബദൽ റൂട്ടുകൾ നിശ്ചയിച്ചിട്ടുണ്ട്.

ഈ ഗതാഗത ക്രമീകരണങ്ങളെക്കുറിച്ചുള്ള അവസാന വട്ട പ്രതികരണങ്ങൾ തേടുന്നതിനായി വിവിധ ജനപ്രതിനിധികൾ, പൊതുജനങ്ങൾ, റസിഡൻസ് അസോസിയേഷനുകൾ, വ്യാപാരികൾ എന്നിവരെ ഉൾക്കൊള്ളിച്ചുകൊണ്ട് കെഎംആർഎൽ യോഗം നടത്തും. മാർച്ച് 19 ചൊവ്വാഴ്ച്ച ഉച്ചയ്ക്ക് 2.30ന് മണിക്ക് എറണാകുളം ടൌൺ ഹാളിലാണ് യോഗം നടക്കുക. കൊച്ചി മെട്രോ രണ്ടാം ഘട്ടത്തിലെ വിവിധ സ്റ്റേഷനുകളുടെ എൻട്രിഎക്സിറ്റുകളുടെ നിർമ്മാണവും റോഡുകൾ വീതി കൂട്ടുന്നതുൾപ്പെടെയുള്ള ജോലികളും പുരോഗമിക്കുകയാണ്. മെട്രോ സ്റ്റേഷനുകൾക്കായുള്ള സ്ഥലം ഏറ്റെടുപ്പും അന്തിമ ഘട്ടത്തിലാണ്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ ബദൽ റൂട്ടുകൾ സൂചിപ്പിക്കുന്ന ബോർഡുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്.



# ഇന്ത്യയിൽ പോക്കോ എക്സ്6 നിയോ അവതരിപ്പിച്ചു

**കൊച്ചി :** പ്രമുഖ ടെക്നോളജി ബ്രാൻഡായ പോക്കോ തങ്ങളുടെ എക്കാലത്തെയും സ്ലിമ്മായ സ്മാർട്ട്ഫോൺ പോക്കോ എക്സ്6 നിയോ പുറത്തിറക്കി. ആഴത്തിലുള്ള കാഴ്ചാനുഭവവും എഐ ക്യാമറയും വാഗ്ദാനം ചെയ്യുന്ന ഒരു സ്റ്റൈലിഷ് മൊബൈൽ ഡിവൈസായി രൂപകൽപ്പന ചെയ്തിരിക്കുന്ന പോക്കോ എക്സ്6 നിയോ, 14,999* രൂപയെന്ന മത്സര വിലയിൽ അസാധാരണമായ മൂല്യം നൽകുന്നു




# ലുലു മാളിൽ ആർ.&ബി. ഫാഷൻ കൊച്ചിയുടെ പുതിയ സ്റ്റോർ

**കൊച്ചി:** ആഗോള ലൈഫ്സ്റ്റൈൽ ആൻഡ് റീട്ടെയിൽ കോൺഗ്ലോമറേറ്റ് അപ്പാരൽ ഗ്രൂപ്പ്, തങ്ങളുടെ ഹോംഗ്രോൺ ഫാഷൻ ബ്രാൻഡായ റെയർ & ബേസിക്സിന്റെ (ആർ.&ബി.) രണ്ടാമത്തെ സ്റ്റോർ കൊച്ചിയിൽ ലുലു മാളിൽ തുറക്കുന്നതായി പ്രഖ്യാപിച്ചു. ഈ സ്റ്റോർ തുറന്നതിലൂടെ, ഉയർന്ന നിലവാരമുള്ളതും താങ്ങാനാവുന്നതുമായ ബ്രാൻഡുകൾ രാജ്യത്ത് കൊണ്ടുവരുന്നതിനുള്ള പ്രതിബദ്ധത ആഗോള കോൺഗ്ലോമറേറ്റ് ദൃഢപ്പെടുത്തുകയാണ്.




# ഇന്ത്യൻ ഓയിലിന്റെ എഥനോൾ 100 പുറത്തിറക്കി

**കൊച്ചി:** വിപ്ലവകരമായ വാഹന ഇന്ധനമായ ഇന്ത്യൻ ഓയിലിന്റെ എഥനോൾ 100 പുറത്തിറക്കി. ന്യൂഡൽഹിയിലെ ഇന്ത്യൻ ഓയിൽ റീട്ടെയിൽ ഔട്ട്‌ലെറ്റായ ഇർവിൻ റോഡ് സർവീസ് സ്‌റ്റേഷനിൽ നടന്ന ചടങ്ങിൽ കേന്ദ്ര പെട്രോളിയം മന്ത്രി ഹർദീപ് സിംഗ് പുരിയാണ് പുതിയ ഇന്ധനം പുറത്തിറക്കിയത്.

മഹാരാഷ്ട്ര, കർണാടക, ഉത്തർപ്രദേശ്, ന്യൂഡൽഹി, തമിഴ്നാട് എന്നീ അഞ്ച് സംസ്ഥാനങ്ങളിലായി ഇന്ത്യൻ ഓയിലിന്റെ തിരഞ്ഞെടുത്ത 183 റീട്ടെയിൽ ഔട്ട്‌ലെറ്റുകളിൽ ഉപഭോക്താക്കൾക്ക് എഥനോൾ 100 ലഭിക്കും. പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം സെക്രട്ടറി പങ്കജ് ജെയിൻ, ചെയർമാൻ ശ്രീകാന്ത് മാധവ് വൈദ്യ, എംഒപി ആൻഡ് എൻജിയിലെ മുതിർന്ന ഉദ്യോഗസ്ഥർ, ഇന്ത്യൻ ഓയിലിന്റെ ഫങ്ഷണൽ ഡയറക്ടർമാർ എന്നിവരും ലോഞ്ച് ചടങ്ങിൽ പങ്കെടുത്തു.

അന്നദാതാക്കളെ ഊർജദാതാവാക്കി മാറ്റാനുള്ള ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടാണ് എഥനോൾ 100 പുറത്തിറക്കിയതെന്ന് ചടങ്ങിൽ സംസാരിച്ച ഹർദീപ് സിംഗ് പുരി പറഞ്ഞു. "ഇറക്കുമതി ആശ്രിതത്വം കുറയ്ക്കുന്നതിനും വിദേശനാണ്യം സംരക്ഷിക്കുന്നതിനും കാർഷിക മേഖലയെ ഉത്തേജിപ്പിക്കുന്നതിനുമുള്ള സർക്കാരിന്റെ പ്രതിബദ്ധതയാണ് ഇത് പ്രതിഫലിപ്പിക്കുന്നത്.

കഴിഞ്ഞ 10 വർഷത്തിനിടയിൽ ഈ എഥനോൾ സംയോജന സംരംഭങ്ങൾ കർഷകരുടെ വരുമാനം വർധിപ്പിച്ചു, ഗ്രാമീണ തൊഴിലവസരങ്ങൾ വർധിപ്പിച്ചു, 1.75 കോടി മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിന് തുല്യമായ സിഓ2 ഉദ്വമനം കുറയ്ക്കുകയും 85,000 കോടി രൂപയുടെ വിദേശനാണ്യം ലാഭിക്കുകയും ചെയ്തുവെന്നും അദ്ദേഹം പറഞ്ഞു.

എഥനോൾ 100 ഇന്ധനമുള്ള ലോകത്തിലെ ചുരുക്കം ചില രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യയെന്ന് ഇന്ത്യൻ ഓയിൽ ചെയർമാൻ ശ്രീ എസ് എം വൈദ്യ സമ്മേളനത്തെ അഭിസംബോധന ചെയ്തു പറഞ്ഞു. സുസ്ഥിരതയിലേക്കും ശുദ്ധമായ ചലനാത്മകതയിലേക്കുമുള്ള ഇന്ത്യയുടെ യാത്രയിലെ സുപ്രധാന നാഴികക്കല്ലാണ് ഇത് അടയാളപ്പെടുത്തുന്നതെന്ന് അദ്ദേഹം പറഞ്ഞു.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും നമ്മുടെ കമ്മ്യൂണിറ്റികളിൽ വായുവിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും സഹായിക്കുന്ന, ഹരിതഗൃഹ വാതകങ്ങളുടെയും മലിനീകരണ വസ്തുക്കളുടെയും കുറഞ്ഞ ഉദ്വമനത്തിൽ അഭിമാനിക്കുന്ന ശുദ്ധവും ഹരിതവുമായ ബദലായി എഥനോൾ 100 നിലകൊള്ളുന്നു.

പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിനൊപ്പം മെച്ചപ്പെട്ട കാര്യക്ഷമതയും പവർ ഔട്ട്പുട്ടും ഉറപ്പാക്കിക്കൊണ്ട് ഉയർന്ന പ്രവർത്തനക്ഷമതയുള്ള എഞ്ചിനുകൾക്ക് എഥനോൾ 100 അനുയോജ്യമാണെന്ന് തെളിയിക്കുന്നു. കൂടാതെ, ഗ്യാസോലിൻ എത്തനോൾ അല്ലെങ്കിൽ ഇവയുടെ ഏതെങ്കിലും മിശ്രിതം ഉപയോഗിച്ച് പ്രവർത്തിക്കാൻ രൂപകൽപ്പന ചെയ്ത ഫ്ലെക്സ്ഫ്യുവൽ വെഹിക്കിളുകൾ ഉൾപ്പെടെയുള്ള വാഹനങ്ങളുടെ വിപുലമായ ശ്രേണിയിൽ ഉപയോഗിക്കാമെന്നതിനാൽ എഥനോൾ 100 ശരിയായ അടിസ്ഥാന സൗകര്യങ്ങളുള്ള ഒരു മുഖ്യധാരാ ഇന്ധന ഓപ്ഷനായി മാറാനുള്ള സാധ്യത കൂടുതലാണ്.




# അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനം: ചർച്ചയായത് വ്യവസായത്തിന്റെ ഭാവി

**കൊച്ചി:** ഏഴാമത് അന്താരാഷ്ട്ര സുഗന്ധവ്യഞ്ജന സമ്മേളനം (ഐഎസ്‌സി) ഗുഡ്ഗാവിലെ ഹയാത്ത് റീജൻസിയിൽ നടന്നു. കൊച്ചി ആസ്ഥാനമായുള്ള ഓൾ ഇന്ത്യ സ്‌പൈസസ് എക്സ്പോർട്ടേഴ്സ് ഫോറവും (എഐഎസ്ഇഎഫ്) ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും സംയുക്തമായി സംഘടിപ്പിച്ച സമ്മേളനത്തിൽ ലോകമെമ്പാടുമുള്ള വ്യവസായ പ്രമുഖർ, വിദഗ്ധർ, ഓഹരി ഉടമകൾ തുടങ്ങിയവർ പങ്കെടുത്തു.

സുഗന്ധവ്യഞ്ജന വ്യവസായത്തിന്റെ ഭാവി രൂപപ്പെടുത്തുന്ന സുപ്രധാന വിഷയങ്ങളിൽ വിദഗ്ധ സെഷനുകൾ

നടന്നു. നൽകി. ബിസിജി ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടറും സീനിയർ പാർട്ണറുമായ അഭിഖ് സിംഗി, മക്കോർമിക് ആൻഡ് കമ്പനിയുടെ പ്രസിഡന്റും സിഇഒയുമായ ബ്രണ്ടൻ ഫോളി, നെസ്‌ലെ ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ സുരേഷ് നാരായണൻ, എഐഎസ്ഇഎഫ് ചെയർമാൻ സഞ്ജീവ് ബിഷ്ത്, കൊച്ചിൻ ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി പ്രസിഡന്റ് ആനന്ദ് വെങ്കിട്ടരാമൻ,

വേൾഡ് സ്‌പൈസ് ഓർഗനൈസേഷൻ ചെയർമാൻ രാംകുമാർ മേനോൻ, എഐഎസ്ഇഎഫ് വൈസ് ചെയർമാൻ ഇമ്മാനുവൽ നമ്പുശ്ശേരിൽ, മാൻ കാൻകോർ സിഇഒ ഡോ. ജീമോൻ കോര എന്നിവർ സംസാരിച്ചു.സുഗന്ധവ്യഞ്ജനങ്ങളിലെ കീടനാശിനി അവശിഷ്ടങ്ങളെക്കുറിച്ചുള്ള ചർച്ചയ്ക്ക് ഡോ. പരേഷ് ജി. ഷാ നേതൃത്വം നൽകി. സുഗന്ധവ്യഞ്ജന വ്യവസായത്തിലെ മികവിനുള്ള അംഗീകാരമായി അവാർഡ് ദാന ചടങ്ങ് നടന്നു.

നെഡ്‌സ്‌പൈസ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടർ അൽഫോൺസ് വാൻ ഗുലിക്കിനെ ലൈഫ്ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു.

സുഗന്ധവ്യഞ്ജനങ്ങളിലെ മികവിനുള്ള എഐഎസ്ഇഎഫ് അവാർഡ് മുൻ പ്രിൻസിപ്പൽ സയന്റിസ്റ്റും മടിക്കേരി ഐഐഎസ്ആർ റീജണൽ സ്റ്റേഷൻ മേധാവിയുമായ ഡോ.എം.എൻ. ആർ.വേണുഗോപാലിന് നൽകി.കാലാവസ്ഥാ വ്യതിയാനവും സുസ്ഥിരതയും, ആഗോള വിതരണ ശൃംഖലയിലെ വെല്ലുവിളികൾ, സുഗന്ധവ്യഞ്ജനങ്ങളിലെ മൂല്യവർദ്ധനവ് തുടങ്ങിയ നിർണായക വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകളും നടന്നു.

# സാങ്കേതികവിദ്യയിലെ വളർച്ച രാജ്യത്തെ ബിസിനസ് രംഗത്തിനും ഉണർവെന്ന് പഠനം

കൊച്ചി: മാറുന്ന ലോകരാഷ്ട്രീയത്തിനും വ്യാപാരരംഗത്തിനും അനുസരിച്ച് രൂപപ്പെടുന്ന പുതിയ അവസരങ്ങൾ പ്രയോജനപ്പെടുത്താൻ ഇന്ത്യയിലെ ഭൂരിഭാഗം കമ്പനികളും നൂതനസാങ്കേതികവിദ്യകൾ ഏറ്റെടുക്കാൻ താൽപര്യം കാണിക്കുന്നതായി പഠനറിപ്പോർട്ട്. ഡിപി വേൾഡിന്റെ പിന്തുണയോടെ എക്കണോമിസ്റ്റ് ഇമ്പാക്ട് നടത്തിയ പഠനത്തിലാണ് രാജ്യത്തെ ബിസിനസ് രംഗത്തിന് ഉണർവേകുന്ന കണ്ടെത്തലുകൾ. ലോജിസ്റ്റിക്സ് രംഗത്തിന്റെ സൂക്ഷ്മചലനങ്ങളിലേക്കും ആഗോള വ്യാപാരരംഗത്തെ വിദഗ്ധരുടെ വീക്ഷണങ്ങളിലേക്കും വെളിച്ചം വീശുന്നതാണ് പഠനഫലം. സപ്ലൈ ചെയിൻ രംഗത്തെ നൂതനമാറ്റങ്ങൾക്ക് വേദിയായ വർഷമായിരുന്നു 2023 എങ്കിൽ, സാങ്കേതികവിദ്യയുടെ സഹായത്തോടെ ആശുഭാപ്തിവിശ്വാസം തുടർന്നുകൊണ്ടുപോകുന്ന വർഷമായിരിക്കും 2024 എന്ന് ട്രേഡ് ഇൻ ട്രാൻസിഷൻ റിപ്പോർട്ടിന്റെ നാലാം പതിപ്പ് വ്യക്തമാക്കുന്നു. പുത്തൻ സാങ്കേതികവിദ്യകളും വേഗമേറിയ സപ്ലൈ ചെയിനുമാണ് ഇന്ത്യൻ വിപണിയിൽ ശുഭസൂചനകൾ സൃഷ്ടിക്കുന്നത്. ഏറ്റവും പുതിയ സാങ്കേതികവിദ്യകൾ ആദ്യം പ്രയോജനപ്പെടുത്തുന്ന കാര്യത്തിൽ ഇന്ത്യൻ കമ്പനികൾ മുന്നിലാണ്. ലോകത്താകെ 54% കമ്പനികൾ വിർച്വൽ റിയാലിറ്റിയും ഓഗ്മെന്റഡ് റിയാലിറ്റിയും പോലെയുള്ള നൂതനസാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്താൻ പദ്ധതിയിടുന്നുണ്ട്. എന്നാൽ ഇന്ത്യയ്ക്കുള്ളിൽ 66% കമ്പനികൾ സമീപഭാവിയിൽ തന്നെ ഇത്തരം സാങ്കേതികവിദ്യകൾ അവരുടെ ബിസിനസിൽ ഉൾക്കൊള്ളിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. നിലവിൽ ഈ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നവരും ഇതിലുൾപ്പെടും. പ്രധാനമായും വിപണിക്കുള്ളിലെ വെല്ലുവിളികളെ അതിജീവിക്കാനും പ്രശ്നപരിഹാരത്തിനുമാണ് കൂടുതലായും കമ്പനികൾ ഇവയെ ആശ്രയിക്കുന്നത്. തടസങ്ങൾ നേരത്തെ തിരിച്ചറിയാനും തത്സമയ വിവരങ്ങൾ ലഭിക്കാനും 79% കമ്പനികളും ആർട്ടിഫിഷ്യൽ ഇന്റലിജൻസും ബിഗ് ഡാറ്റ അനാലിറ്റിക്സും ഉപയോഗിക്കുകയും ഉപയോഗിക്കാൻ തയാറെടുക്കുകയും ചെയ്യുന്നുവെന്ന കണക്കും ശ്രദ്ധേയമാണ്. ഇക്കാര്യത്തിൽ ലോക ശരാശരിയേക്കാൾ 7% മുന്നിലാണ് ഇന്ത്യ. ചരക്കുനീക്കം തത്സമയം ട്രാക്ക് ചെയ്യുന്നതിനും നിരീക്ഷിക്കുന്നതിനും 80% കമ്പനികളും ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് (ഐ.ഒ.ടി), റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ എന്നീ സാങ്കേതികതകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. ആഗോളശരാശരിയേക്കാൾ 9% മുന്നിലാണ് രാജ്യം അവിടെയും. ഫ്രീട്രേഡ് വെയർഹൗസ് മേഖലകൾ ഉൾപ്പെടെ, ബഹുമുഖമായ അടിസ്ഥാനസൗകര്യവികസനവും ഇന്ത്യയുടെ കുതിപ്പിന് പിന്നിലെ പ്രധാന കാരണങ്ങളിൽ ഒന്നാണെന്ന് പഠനം ചൂണ്ടിക്കാട്ടുന്നു. വികസനവും സാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ടാണ് സപ്ലൈ ചെയിൻ രംഗം ദൃഢപ്പെടുത്താനുള്ള ശ്രമങ്ങൾക്ക് രാജ്യം മുൻതൂക്കം നൽകുന്നത്. കഴിഞ്ഞ ഒരു വർഷത്തിനിടെ താത്കാലിക സംഭരണശാലകളിൽ നിന്ന് കമ്പനികൾ വൻതോതിൽ പുതിയ വെയർഹൗസുകളിലേക്ക് ചുവടുമാറ്റിയിട്ടുണ്ട്. ബാഹ്യഘടകങ്ങളിൽ നിന്ന് ബിസിനസുകളെ സംരക്ഷിക്കാൻ കമ്പനി പ്രതിനിധികൾ വൻതോതിൽ നിക്ഷേപങ്ങൾ നടത്തുന്നതും പ്രതീക്ഷാവഹമാണ്.

ഇക്കൊല്ലത്തെ പഠനം പറയുന്നത്, 41% കമ്പനികളും അടുത്ത മൂന്ന് മാസം വരെയുള്ള മാർക്കറ്റ് ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ആവശ്യമായ തയാറെടുപ്പുകൾ ഇപ്പോഴേ നടത്തിയിട്ടുണ്ടെന്നാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 20% ത്തിന്റെ വർധനയാണ് ഇത് സൂചിപ്പിക്കുന്നത്. രണ്ടിരട്ടിയോളം കമ്പനികൾ താത്കാലിക സംഭരണരീതി ഉപേക്ഷിച്ചതിന്റെ തെളിവും കൂടിയാണിത്. ചരക്കുകൾ ആവശ്യാനുസരണം മാത്രം സൂക്ഷിക്കുന്നതിൽ നിന്ന് വ്യത്യസ്തമായി, ഭാവിയിൽ ഉണ്ടായേക്കാവുന്ന വെല്ലുവിളികളെ കൂടി കണക്കിലെടുത്ത് കമ്പനികൾ അവരുടെ തന്ത്രം മാറ്റുന്നതിന്റെ സൂചനയായി ഇതിനെ വിലയിരുത്താം. കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കിയ പൊതു ഡിജിറ്റൽ അടിസ്ഥാനസൗകര്യ വികസനം കമ്പനികൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നതിന്റെ തെളിവാണിതെന്ന് ഡിപി വേൾഡ് മാനേജിങ് ഡയറക്ടറുമായ റിസ്‌വാൻ സൂമർ പറഞ്ഞു.

## 98.6 ശതമാനം ക്ലെയിം സെറ്റിൽമെന്റ് നിരക്കുമായി ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ്

**തൃശൂർ:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫ് ഇൻഷൂറൻസ് 2024 സാമ്പത്തിക വർഷത്തിലെ ആദ്യ ഒൻപതു മാസങ്ങളിൽ 98.6 ശതമാനം എന്ന മികച്ച ക്ലെയിം സെറ്റിൽമെന്റ് നിരക്കു കൈവരിച്ചു. ആദ്യ ത്രൈമാസത്തിൽ 98.10 ശതമാനം എന്ന നിരക്കായിരുന്നു കൈവരിച്ചിരുന്നത്. രണ്ടാം ത്രൈമാസത്തിൽ ഇത് 98.14 ശതമാനവും മൂന്നാം ത്രൈമാസത്തിൽ 98.52 ശതമാനവും ആയി.

അന്വേഷണങ്ങൾ ആവശ്യമില്ലാത്ത ക്ലെയിമുകളിൽ സെറ്റിൽമെന്റിനായി എടുക്കുന്ന ശരാശരി സമയം 1.3 ദിവസമാണെന്നും 2023 ഡിസംബറിൽ അവസാനിച്ച ഒൻപതു മാസങ്ങളിലെ കണക്കുകൾ സൂചിപ്പിക്കുന്നു. അർഹമായ ഡെത്ത് ക്ലെയിമുകളിൽ എല്ലാ രേഖകളും ലഭിച്ച് ഒരു ദിവസത്തിനു ശേഷം അവ സെറ്റിൽ ചെയ്യുന്നുവെന്ന് ഉറപ്പാക്കുന്ന രീതിയാണ് ഐസിഐസിഐ പ്രൂഡെൻഷ്യൽ ലൈഫ് പിന്തുടരുന്നതെന്ന് കമ്പനി അവകാശപ്പെടുന്നു. 214.70 കോടി രൂപ വരുന്ന 3070 ഡെത്ത് ക്ലെയിമുകളാണ് കഴിഞ്ഞ ഒൻപതു മാസങ്ങളിൽ ക്ലെയിം ഫോർ ഷുവറിനു കീഴിൽ തീർപ്പാക്കിയതെന്നും കമ്പനി അറിയിച്ചു.

## കൊച്ചിയെ ആവേശത്തിലാക്കാൻ ഫൈവ്സ് മത്സരവുമായി അപ്പോളോ ടയേഴ്സ്

**കൊച്ചി:** മുൻനിര ടയർ നിർമാതാക്കളായ അപ്പോളോ ടയേഴ്സ് മാഞ്ചസ്റ്റർ യുണൈറ്റഡിന്റെ സഹകരണത്തോടെ നടത്തുന്ന ഫൈവ്സ് ഫുട്!ബോൾ മത്സരങ്ങൾക്ക് തുടക്കമിട്ടു. ദേശീയതലത്തിൽ സംഘടിപ്പിക്കുന്ന 'റോഡ് റ്റു ഓൾഡ് ട്രാഫോർഡ്' എന്ന ടൂർണമെന്റിന്റെ ഭാഗമായുള്ള മത്സരം മാർച്ച് 24 ന് കൊച്ചിയിലെ യുണൈറ്റഡ് സ്പോർട്സ് സെന്ററിൽ നടക്കും.ടൂർണമെന്റിൽ ഏറ്റവും മികച്ച പ്രകടനം പുറത്തെടുക്കുന്ന കളിക്കാർക്ക് യുകെയിലെ മാഞ്ചസ്റ്റർ നഗരത്തിലേക്ക് സൗജന്യമായി യാത്ര ചെയ്യാനുള്ള അത്യപൂർവ അവസരം ലഭിക്കുമെന്ന് അപ്പോളോ ടയേഴ്സ് ലിമിറ്റഡിന്റെ ഏഷ്യ പസിഫിക്, മിഡിൽ ഈസ്റ്റ്, ആഫ്രിക്ക മേഖലകളുടെ ചുമതലയുള്ള മാർക്കറ്റിംഗ് വിഭാഗം ഗ്രൂപ്പ് ഹെഡ് വിക്രം ഗർഗ്ഗ പറഞ്ഞു. ഒപ്പം മാഞ്ചസ്റ്റർ യുണൈറ്റഡ് ഫുട്ബോൾ ക്ലബ്ബിന്റെ ഹോം ഗ്രൗണ്ടും അവിടുത്തെ ഐതിഹാസിക ഫുട്ബോൾ മൈതാനവുമായ ഓൾഡ് ട്രാഫോഡിൽ പന്തുതട്ടാനുള്ള സ്വപ്നതുല്യമായ ഭാഗ്യവും കാത്തിരിക്കുന്നു. മെയ് 31ന് അവിടെ നടക്കുന്ന മത്സരത്തിലായിരിക്കും ടൂർണമെന്റിലെ ആഗോളതല ജേതാക്കളെ തീരുമാനിക്കപ്പെടുക. മുൻവർഷത്തേക്കാൾ ബൃഹത്തായ കാൻവാസിലാണ് ഇത്തവണത്തെ മത്സരങ്ങൾ ഒരുക്കിയിട്ടുള്ളത്. ഇന്ത്യയിലെ ആറ് നഗരങ്ങളിലാണ് ദേശീയതല മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ഡൽഹി, പുണെ, കൊൽക്കത്ത, ബെംഗളൂരു, ചെന്നൈ, കൊച്ചി എന്നിവിടങ്ങളാണ് മത്സരങ്ങൾക്ക് വേദിയാകാൻ സജ്ജമായിട്ടുള്ളത്. ഈ നഗരങ്ങളിലെ പ്രാഥമിക മത്സരങ്ങളിൽ ജയിക്കുന്നവർ ചെന്നൈയിൽ നടക്കുന്ന ദേശീയഫൈനലിൽ ഏറ്റുമുട്ടും.റോഡ് റ്റു ഓൾഡ് ട്രാഫോർഡ്' എന്ന പരമ്പരയിലൂടെ ഇന്ത്യക്കാരുടെ ഫുട്ബാളിനോടുള്ള അഭിനിവേശം ലോകത്തിന് മുന്നിൽ ഉയർത്തിക്കാട്ടാനും രാജ്യത്തിനകത്തെ പ്രതിഭകൾക്ക് അന്താരാഷ്ട്ര തലത്തിൽ അവരുടെ മികവ് പ്രകടിപ്പിക്കാനുള്ള ഒരവസരം നൽകാനുമാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെ ചെറുപ്പക്കാരായ ഫുട്ബോൾ പ്രേമികൾക്ക് അവരുടെ കഴിവുകൾ പുതിയ തലത്തിലേക്ക് ഉയർത്താൻ ഈ ഉദ്യമം പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കുന്നതായി അദ്ദേഹം പറഞ്ഞു.ഇക്കൊല്ലത്തെ റോഡ് റ്റു ഓൾഡ് ട്രാഫോർഡ് പരമ്പരയ്ക്കുള്ള രജിസ്ട്രേഷൻ തുടങ്ങിക്കഴിഞ്ഞു. താല്പര്യമുള്ള ടീമുകൾക്ക് https://www.apolltoyres.com/enin/stories/campaigns/sports/roadtooldtrafford/rtotconsumercontest/ എന്ന വെബ് വിലാസത്തിൽ രജിസ്റ്റർ ചെയ്യാം.

## ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് :സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്കുകൾ പുതുക്കുന്നു

**കൊച്ചി:** ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് സ്ഥിര നിക്ഷേപങ്ങളുടെ പലിശ നിരക്കുകൾ പുതുക്കുന്നു. 2024 മാർച്ച് 7ന് ബാധകമാകുന്ന തരത്തിൽ പതിവ് ഉപഭോക്താക്കൾക്കും, എൻ ആർ ഒ, എൻ ആർ ഇ ഉപഭോക്താക്കൾക്കും വേണ്ടിയുള്ള 3 നിർണ്ണായക മേഖലകളിലെ പലിശ നിരക്കുകളിലാണ് മാറ്റം വന്നിട്ടുള്ളതെന്ന് ഉജ്ജീവൻ എസ് എഫ് ബി യുടെ മാനേജിങ്ങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ഇട്ടിര ഡേവിസ് പറഞ്ഞു

സ്ഥിര നിക്ഷേപങ്ങൾക്കുള്ള പലിശ നിരക്കിൽ വരുത്തിയിരിക്കുന്ന ഏറ്റവും പുതിയ വർദ്ധനയോടെ സ്ഥിര നിക്ഷേപങ്ങൾക്ക് ഏറ്റവും കൂടുതൽ പലിശ നൽകുന്ന ബാങ്കുകളുടെ നിരയിലേക്ക് ഉജ്ജീവൻ എസ്എഫ്ബി എത്തിച്ചേർന്നിരിക്കുന്നു.പതിവ് ഉപഭോക്താക്കൾക്കും എൻ ആർ ഒ, എൻ ആർ ഇ ഉപഭോക്താക്കൾക്കും 15 മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 8.50% പലിശയും മുതിർന്ന പൗരന്മാർക്ക് 15 മാസം വരെയുള്ള നിക്ഷേപങ്ങൾക്ക് 9.00% എന്ന ഏറ്റവും ഉയർന്ന പലിശ നിരക്കുമാണ് പുതുതായി നിലവിൽ വരിക. പ്ലാറ്റിന സ്ഥിര നിക്ഷേപത്തിന് 0.20% അധിക പലിശ നിരക്ക് ബാങ്ക് വാഗ്ദാനം ചെയ്യുന്നു. ഒരു കോടി രൂപക്ക് മുകളിലും രണ്ട് കോടി രൂപക്ക് താഴേയുമുള്ള നിക്ഷേപങ്ങൾക്ക് ആണ് ഇത് ബാധകം.




## ആരോഗ്യമുള്ള കിഡ്നിയ്ക്കായി മുന്നോട്ട് : വാക്കത്തോൺ നടത്തി

**കൊച്ചി:** ആരോഗ്യമുള്ള കിഡ്നിയ്ക്കായി മുന്നോട്ടു എന്ന ആശയത്തെ മുൻനിർത്തി ക്യൻസ് വോക്ക് വേയിൽ അസ്സോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റ്സും വി പി എസ് ലേക്ഷോർ ഹോസ്പിറ്റലും ചേർന്ന് കൊച്ചിയിൽ വാക്കത്തോൺ സംഘടിപ്പിച്ചു.

ഹൈബി ഈഡൻ എം.പി ഉദ്ഘാടനം ചെയ്തു. വി പി എസ് ലേക്ഷോർ ഹോസ്പിറ്റലിന്റെ മാനേജിങ് ഡയറക്ടർ ( എസ്. കെ. അബ്ദുള്ള അധ്യക്ഷത വഹിച്ചു.അസ്സോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റ്സ് (അഇച) പ്രെസിഡൻറ് ഡോ. ജോസ് പി പോൾ, സെക്രട്ടറി ഡോ. ജിതിൻ എസ് കുമാർ, ട്രെഷറർ ഡോ. വിലേഷ് കെ വത്സലൻ എന്നിവർ സംസാരിച്ചു. അസോസിയേഷൻ ഓഫ് കൊച്ചിൻ നെഫ്രോളജിസ്റ്റിലെ പ്രഗൽഭരായ ഡോക്ടർസ് വി പി എസ് ലേക്ഷോർ ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടന്റ് നെഫ്രോളജിസ്റ്റായ ഡോ. ജോർജി കെ നൈനാൻ, നെഫ്രോളജി അസോസിയേഷൻ ഓഫ് കേരള പ്രസിഡണ്ടും മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടന്റ് നെഫ്രോളജിസ്റ്റുമായ ഡോ. മാമൻ എം. ജോൺ, ലിസി ഹോസ്പിറ്റലിലെ സീനിയർ കൺസൾട്ടന്റ് നെഫ്രോളജിസ്റ്റായ ഡോ. ജയന്ത് തോമസ് മാത്യു, ലൂർദ് ഹോസ്പിറ്റലിലെ നെഫ്രോളജി ഹെഡും മുൻ അഇച സെക്രട്ടറിയുമായ ഡോ. ബിനു ഉപേന്ദ്രൻ, അമൃത ഹോസ്പിറ്റൽ നെഫ്രോളജി ഹെഡ് ഡോ. രാജേഷ് ആർ നായർ എന്നിവർ ബോധവൽക്കരണ ക്ലാസുകളും രോഗികളുടെ സംശയങ്ങൾക്ക് മറുപടിയും നൽകി. 300 പേർ ഓളം പങ്കെടുത്തു.

## ഡൽഹിക്ക് തോൽവി, കാലിക്കറ്റ് ഹീറോസ് ഒന്നാംസ്ഥാനക്കാരായി ഫൈനലിൽ

**ചെന്നൈ:** റുപേ പ്രൈം വോളിബോൾ ലീഗ് പവേർഡ് ബൈ എ23ൽ കാലിക്കറ്റ് ഹീറോസ് ഒന്നാംസ്ഥാനക്കാരായി ഫൈനലിൽ. സൂപ്പർ 5ൽ ഡൽഹി തൂഫാൻസിനെ മുംബൈ മിറ്റിയോഴ്സ് കീഴടക്കിയതോടെ കാലിക്കറ്റ് മുന്നേറുകയായിരുന്നു. മുംബൈ പ്ലേ ഓഫ് കാണാതെ മടങ്ങി. ചെന്നൈ ജവഹർലാൽ നെഹ്റു ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന സൂപ്പർ ഫൈവിലെ അവസാന കളിയിൽ ഡൽഹിയെ നാല് സെറ്റ് പോരാട്ടത്തിലാണ് മുംബൈ കീഴടക്കിയത് (15 11, 12 15, 15 12, 17 15). ഷമീം ആണ് കളിയിലെ താരം. മുംബൈ പതർച്ചയോടെയാണ് തുടങ്ങിയത്.




എന്നാൽ ഉടൻ തിരിച്ചുവന്നു. മുംബൈ ആക്രമണത്തിന് ആയുഷിന്റെ ബ്ലോക്കുകളിലൂടെയായിരുന്നു ഡൽഹിയുടെ മറുപടി. സന്തോഷിലൂടെ ഡൽഹി ആക്രമിക്കാൻ തുടങ്ങി. എന്നാൽ ഇരുഭാഗത്തുമുണ്ടായ പിഴവുകൾ കളിയെ തുല്യതയിലാക്കി. അജിത് ലാലിന്റെ സൂപ്പർ സെർവാണ് ഒടുവിൽ മുംബൈയെ മുന്നിലെത്തിച്ചത്. ആശയവിനിമയത്തിലെ പിഴവ് ഡൽഹി മുംബൈക്ക് ലീഡ് സമ്മാനിക്കുകയും ചെയ്തു.ഡോഡിച്ച് ആക്രമണത്തിൽ താളം കണ്ടെത്താൻ തുടങ്ങിയെങ്കിലും സെർവീസ് പിഴവുകൾ ഡൽഹിയുടെ കളിയൊഴുക്കിനെ ബാധിച്ചു. അപോൺസയ്ക്ക് താളം നഷ്ടപ്പെട്ട രാത്രിയിൽ ആയുഷും ഷമീമും ചേർന്നാണ് ഡൽഹിക്കായി തിളങ്ങിയത്. റിവ്യൂ ഇരു ടീമുകളും സമർഥമായി ഉപയോഗിച്ചു. ഒടുവിൽ അമിതിന്റെ കരുത്തുറ്റ സ്മാഷ് മുംബൈക്ക് സൂപ്പർ പോയിന്റും 2 1ന്റെ ലീഡും നൽകി.ആനന്ദിന്റെ തകർപ്പൻ പാസിങ് സന്തോഷിന് ആക്രമണത്തിന് ഊർജം പകർന്നു. ഡൽഹി കളിയിലേക്ക് തിരിച്ചുവന്നു. സൗരഭ് മാന്റെ ബ്ലോക്കുകൾ ആയിരുന്നു ഡൽഹി ആക്രമണത്തിനുള്ള പ്രത്യാക്രമണം. അതേസമയം, അമിതിന്റെ സൂപ്പർ സെർവ് മുംബൈയെ ഉണർത്തി. സെർവീസ് ലൈനിൽനിന്നുള്ള ഡൽഹിയുടെ പിഴവുകൾ മത്സരത്തിലുടനീളം തിരിച്ചടിച്ചു. അമിതിന്റെ സ്പൈക്കിലൂടെ മുംബൈ മത്സരം സ്വന്തമാക്കി. മുംബൈയോട് തോറ്റെങ്കിലും രണ്ടാം സ്ഥാനക്കാരായി ഡൽഹി എലിമിനേറ്റർ ഉറപ്പാക്കി. അഞ്ച് ടീമുകളിൽ മൂന്ന് ടീമുകൾക്കാണ് യോഗ്യത.ചൊവ്വാഴ്ചയാണ് എലിമിനേറ്റർ മത്സരം.



# ഹെപ്പറ്റൈറ്റിസ് എ മഞ്ഞപ്പിത്തത്തിനെതിരെ ജാഗ്രത



**ഡോ. അനീഷ് കുമാർ**
സീനിയർ കൺസൾട്ടന്റ് & ഹെഡ് ഗാസ്ട്രോഎന്ററോളജി & ലിവർ ട്രാൻസ്പ്ലാന്റേഷൻ ആസ്റ്റർ മിംസ്, കോഴിക്കോട്.

**കിണറുകളും ജലസ്രോതസുകളും മലിനമാവുകയും, രോഗാണുക്കളാൽ മലിനമായ ജലത്തിൽ പാകം ചെയ്യുന്ന ഭക്ഷണത്തിലൂടെയും കുടിക്കുന്ന വെള്ളത്തിലൂടെയും ഈ അണുക്കൾ വായിലൂടെ ശരീരത്തിൽ എത്തുകയും, തുടർന്ന് മനുഷ്യരുടെ കരളിനെ ബാധിച്ച്  കരൾവീക്കമുണ്ടാക്കുകയും ചെയ്യുന്നു. ഈ വൈറസ് ബാധക്ക് പനിയും, മഞ്ഞപ്പിത്തവും ആണ് പ്രധാന ലക്ഷണങ്ങളായി കാണുക. ശരിയായ വിശ്രമവും ചികിത്സയും ലഭ്യമായാൽ രണ്ടാഴ്ച്ചകൊണ്ട് രോഗമുക്തി സാധ്യമാണ്.വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ചാൽ എന്താണ് ചെയ്യേണ്ടത് എന്ന് മിക്കവർക്കും അറിയില്ല. രോഗലക്ഷണങ്ങളെ അവഗണിക്കുകയും, അശാസ്ത്രീയ ചികിത്സാമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ രോഗം മൂർച്ഛിക്കുകയും മരണം വരെ സംഭവിക്കാവുന്നതുമാണ്.**

വടക്കൻ കേരളത്തിൽ മഞ്ഞപ്പിത്ത ബാധിതരുടെ എണ്ണം വലിയതോതിൽ ഉയരുന്നു എന്ന വാർത്തയാണ് ഈ ലേഖനത്തിനു ആധാരം. കിണറുകളും ജലസ്രോതസുകളും മലിനമാവുകയും, രോഗാണുക്കളാൽ മലിനമായ ജലത്തിൽ പാകം ചെയ്യുന്ന ഭക്ഷണത്തിലൂടെയും കുടിക്കുന്ന വെള്ളത്തിലൂടെയും ഈ അണുക്കൾ വായിലൂടെ ശരീരത്തിൽ എത്തുകയും, തുടർന്ന് മനുഷ്യരുടെ കരളിനെ ബാധിച്ച്  കരൾവീക്കമുണ്ടാക്കുകയും ചെയ്യുന്നു. ഈ വൈറസ് ബാധക്ക് പനിയും, മഞ്ഞപ്പിത്തവും ആണ് പ്രധാന ലക്ഷണങ്ങളായി കാണുക. ശരിയായ വിശ്രമവും ചികിത്സയും ലഭ്യമായാൽ രണ്ടാഴ്ച്ചകൊണ്ട് രോഗമുക്തി സാധ്യമാണ്.വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ചാൽ എന്താണ് ചെയ്യേണ്ടത് എന്ന് മിക്കവർക്കും അറിയില്ല. രോഗലക്ഷണങ്ങളെ അവഗണിക്കുകയും, അശാസ്ത്രീയ ചികിത്സാമാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നതിലൂടെ രോഗം മൂർച്ഛിക്കുകയും മരണം വരെ സംഭവിക്കാവുന്നതുമാണ്.

**ഹെപ്പറ്റൈറ്റിസ് എ ലക്ഷണങ്ങൾ**

വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ചാൽ ബാധിച്ചാൽ ഇനി പറയുന്ന ലക്ഷണങ്ങൾ ഉണ്ടാകാവുന്നതാണ്. ശരീരവേദന, ക്ഷീണം, ഓക്കാനം, ഛർദ്ദി, വയറുവേദന, മൂത്രത്തിനും കണ്ണിനും ശരീരത്തിനും മഞ്ഞനിറം എന്നിവയാണ് സാധാരണ കാണപ്പെടുന്ന ലക്ഷണങ്ങൾ. എന്നാൽ ഒരു പ്രദേശത്ത് നിരവധി ആളുകളിൽ ഹെപ്പറ്റൈറ്റിസ് എ ബാധയുണ്ടായാൽ ലക്ഷണങ്ങൾ എല്ലാം ഉണ്ടാകാൻ കാത്തിരിക്കരുത്.

**വൈറൽ ഹെപ്പറ്റൈറ്റിസ് ബാധിച്ചാൽ എന്ത് ചെയ്യണം**

ഹെൽത്ത് അതോറിറ്റിയെ അറിയിക്കുക ഒപ്പം ഡോക്ടറുടെയോ ലാബിന്റെയോ സേവനം തേടുക: നിങ്ങൾക്ക് മഞ്ഞപ്പിത്തം ഉണ്ടെന്ന് സംശയിക്കുകയോ അല്ലെങ്കിൽ രോഗനിർണയം നടത്തുകയോ ചെയ്താൽ, ഡോക്ടറുടെ സേവനം തേടേണ്ടത് വളരെ പ്രധാനമാണ് ഒപ്പം നിങ്ങളുടെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി അധികാരികളെയും വിവരം അറിയിക്കണം. അവർക്ക് അടിസ്ഥാന കാരണം നിർണ്ണയിക്കാനും ഉചിതമായ ചികിത്സ നൽകാനും കഴിയും.മെഡിക്കൽ ഉപദേശം പിന്തുടരുക: ഡോക്ടർ നിദ്ദേശിക്കുന്ന ടെസ്റ്റുകൾ നിർബന്ധമായും ചെയ്യുകയും രോഗം സ്ഥിരീകരിക്കുകയും ചെയ്യുക ഒപ്പം ഡോക്ടറുടെ നിർദ്ദേശങ്ങളും ചികിത്സാ പദ്ധതിയും കൃത്യമായും പിന്തുടരുകയും ചെയ്യണം. നിങ്ങളുടെ മഞ്ഞപ്പിത്തത്തിന്റെ കാരണത്തെയും അവസ്ഥയും അനുസരിച്ചു ചികിത്സ വ്യത്യാസപ്പെടാം. രോഗലക്ഷണങ്ങൾ ലഘൂകരിക്കുന്നതിനും, ശാരീരിക ആരോഗ്യം വീണ്ടെടുക്കുന്നതിനുമുള്ള ചികിത്സയായിരിക്കും നിർദ്ദേശിക്കുക.

**വിശ്രമം:** നിങ്ങളുടെ ശാരീരിക ആരോഗ്യം വീണ്ടെടുക്കാൻ സഹായിക്കുന്നതിന് നല്ല വിശ്രമം ആവശ്യമാണ്. കഴിവതും വീട്ടിൽത്തന്നെ കഴിയുക. മറ്റുള്ളവരുമായയുള്ള സമ്പർക്കം പരിമിതപ്പെടുത്തുക. ആഹാരത്തിന് മുമ്പും ശേഷവും മലമൂത്ര വിസർജ്ജനത്തിന് ശേഷവും കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകുക. മലമൂത്ര വിസർജ്ജനം ശൗചാലയത്തിൽ മാത്രം നടത്തുക

**ജലാംശം നിലനിർത്തുക:** നിർജ്ജലീകരണം മാറുന്നതിനും കരളിൻറെ ആരോഗ്യം വീണ്ടെടുക്കുന്നതിനും തിളപ്പിച്ചാറ്റിയ വെള്ളം ധാരാളം കുടിക്കുകയും കൊഴുപ്പുകുറഞ്ഞ, ദ്രാവക രൂപത്തിലുള്ള ഭക്ഷണം മിതമായ അളവിൽ ഉപ്പുചേർത്ത് കഴിക്കുകയും ചെയ്യുക. നിർജ്ജലീകരണം മഞ്ഞപ്പിത്തത്തിന്റെ ലക്ഷണങ്ങൾ വർദ്ധിപ്പിക്കും.

**ഭക്ഷണക്രമത്തിലെ മാറ്റങ്ങൾ:** മഞ്ഞപ്പിത്തത്തിന്റെ അടിസ്ഥാന കാരണത്തെ ആശ്രയിച്ച്, ഡോക്ടർ ഭക്ഷണത്തിലെ മാറ്റങ്ങൾനിർദ്ദേശിക്കും. ഉദാഹരണത്തിന്, കരളിന്റെ പ്രവർത്തനത്തെ ബാധിച്ചാൽ, ചില ഭക്ഷണങ്ങൾ, പ്രത്യേകിച്ച് കൊഴുപ്പു കൂടുതലുള്ള ഭക്ഷണവും, മദ്യവും ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്.

മരുന്നുകൾ: നിങ്ങൾക്ക് മഞ്ഞപ്പിത്തം ഒരു പ്രത്യേക അണുബാധ മൂലമാണ് ഉണ്ടായതെങ്കിൽ, അടിസ്ഥാന പ്രശ്നം പരിഹരിക്കുന്നതിനോ രോഗലക്ഷണങ്ങൾ ലഘൂകരിക്കുന്നതിനോ ഉള്ള മരുന്നുകൾ ഡോക്ടർ നിർദ്ദേശിച്ചേക്കാം. തീർച്ചയായും ഡോക്ടറുടെ നിർദ്ദേശങ്ങൾ പിന്തുടരേണ്ടതാണ്.

**മദ്യം ഒഴിവാക്കുക:** മദ്യം കരളിനെ ദോഷകരമായി ബാധിക്കും, അതിനാൽ ചികിത്സാ കാലയളവിലും നിങ്ങൾ പൂർണ്ണമായും സുഖം പ്രാപിച്ചതിന് ശേഷവും മദ്യപാനം ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്.അണുബാധ പടരുന്നത് തടയുക: ഹെപ്പറ്റൈറ്റിസ് പോലുള്ള വൈറൽ അണുബാധ മൂലമാണ് നിങ്ങളുടെ മഞ്ഞപ്പിത്തം ഉണ്ടാകുന്നതെങ്കിൽ, വൈറസ് മറ്റുള്ളവരിലേക്ക് പടരാതിരിക്കാൻ മുൻകരുതലുകൾ എടുക്കുക. മറ്റുള്ളവരുമായി ഇടപഴകാതിരിക്കുക. ഇടയ്ക്കിടെ കൈകൾ സോപ്പും വെള്ളവും ഉപയോഗിച്ച് വൃത്തിയായി കഴുകുക. മലമൂത്ര വിസർജ്ജനം ശൗചാലയത്തിൽ മാത്രം നടത്തുക.യഥാക്രമം ആരോഗ്യ പുരോഗതി നിരീക്ഷിക്കുക: നിങ്ങളുടെ രോഗലക്ഷണങ്ങളുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുകയും കൃത്യമായി നിരീക്ഷിക്കുകയും എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായാൽ ഡോക്ടറെ അറിയിക്കുകയും ചെയ്യുക. പ്രത്യേകിച്ച് നിങ്ങൾക്ക് മഞ്ഞപ്പിത്തത്തിൻറെ അളവ് കുറയുന്നതുവരെ നിർബന്ധമായും കൃത്യമായ ഇടവേളകളിലുള്ള പരിശോധനകളും നിരീക്ഷണവും അത്യാവശ്യമാണ്.

**ചൊറിച്ചിലും അസ്വസ്ഥതകളും ഉണ്ടെങ്കിൽ:** മഞ്ഞപ്പിത്തത്തോടൊപ്പം ശരീരത്തിൽ ചൊറിച്ചിലും ഉണ്ടാകാം. ഈ ലക്ഷണം നിയന്ത്രിക്കാൻ ഡോക്ടർ തന്നിരിക്കുന്ന മരുന്നുകൾ കൃത്യമായി കഴിക്കുകയും നിർജ്ജലീകരണം ഉണ്ടാകാതെ നോക്കുകയും വേണം.

മാനസികപിന്തുണ: മഞ്ഞപ്പിത്തം ബാധിച്ച വ്യക്തിക്ക് മാനസിക പിന്തുണ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ആവശ്യമെങ്കിൽ സുഹൃത്തുക്കളിൽ നിന്നോ കുടുംബാംഗങ്ങളിൽ നിന്നോ ഒരു മാനസികാരോഗ്യ പ്രൊഫഷണലിൽ നിന്നോ സഹായം തേടുക.

മഞ്ഞപ്പിത്തത്തിൽ നിന്നുള്ള വീണ്ടെടുക്കലിന്റെ ദിവസങ്ങൾ അടിസ്ഥാന കാരണത്തെയും അവസ്ഥയുടെ തീവ്രതയെയും ആശ്രയിച്ച് വ്യത്യാസപെട്ടിരിക്കും. ചിലരിൽ മഞ്ഞപ്പിത്തത്തിന്റെ ലക്ഷണങ്ങൾ താരതമ്യേന വേഗത്തിൽ പരിഹരിക്കപ്പെടും, ചിലർക്ക് കൂടുതൽ സമയവും നിരന്തരമായ പരിചരണവും ആവശ്യമായേക്കാം. ആദ്യം സൂചിപ്പിച്ചതുപോലെതന്നെ ഡോക്ടറുടെയും  നിങ്ങളുടെ പഞ്ചായത്ത്/മുൻസിപ്പാലിറ്റി അധികാരികളുടെയും നിദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

ഹെപ്പറ്റൈറ്റിസ് എ സാമൂഹിക വ്യാപനം ഉണ്ടായതായി നിർദ്ദേശമുണ്ടായാൽ പുറമെ നിന്നുള്ള ഭക്ഷണങ്ങളും  ശീതള പാനീയങ്ങളും (ജ്യൂസ്, ഐസ്ക്രീം ഉൾപ്പെടെയുള്ളവ) കഴിക്കാൻ പാടില്ല. ശുചിത്വമാണ് 'ഹെപ്പറ്റൈറ്റിസ് എ' തടയാനുള്ള ഏക മാർഗ്ഗം.





# കേരളത്തിൽ നിന്നുള്ള സ്കൈ ഡൈവർ ദേശീയശ്രദ്ധയിൽ

**കൊച്ചി:** കേരളത്തിൽ നിന്നുള്ള സ്കൈ ഡൈവർ ജിതിൻ വിജയൻ ദേശീയ ശ്രദ്ധയിലേക്ക്.ഐടി ജോലിയിൽ നിന്ന് ഐടി സംരംഭകനാവുകയും ഒപ്പം സ്കൈ ഡൈവിംഗ് എന്ന തന്റെ താൽപ്പര്യം വിടാതെ പിന്തുടരുന്ന ജിതിൻ ഈയിടെ 42,431 അടി ഉയരത്തിൽ നിന്ന് റെക്കോർഡുകൾ ഭേദിച്ച ഒരു 2.47 മിനിറ്റ് ചാട്ടത്തിലൂടെ ഏറ്റവും ദൈർഘ്യമുള്ള ഫ്രീ ഫോളിനുള്ള ഗിന്നസ് ലോക റെക്കോർഡ് കരസ്ഥമാക്കുകയും ചെയ്തിരുന്നു. ജിതിൻ വിജയന്റെ ധൈര്യത്തിന്റെയും നിശ്ചയദാർഢ്യത്തിന്റെയും കഥ ഹിസ്റ്ററി ടിവി 18 മാർച്ച് 18 തിങ്കളാഴ്ച രാത്രി എട്ടുമണിക്ക് സംപ്രേഷണം ചെയ്യുന്ന 'ഓ എം ജി യേ മേരാ ഇന്ത്യ'യുടെ എപ്പിസോഡിലൂടെ ദേശീയശ്രദ്ധയിലെത്തുന്നു. യഥാർത്ഥ സംഭവങ്ങളെ ആസ്പദമാക്കിയുള്ള ഈ വിനോദപരമ്പരയുടെ പത്താമത്തെ സീസണിലെ ആറാമത്തെ എപ്പിസോഡാണ് തിങ്കളാഴ്ച സംപ്രേഷണം ചെയ്യുന്നത്.

എല്ലാ തിങ്കളാഴ്ചയും രാത്രി എട്ടുമണിക്ക് സംപ്രേഷണം ചെയ്യുന്ന എപ്പിസോഡുകളിൽ വ്യത്യസ്ത മേഖലകളിൽ വേറിട്ട പ്രകടനം കാഴ്ചവച്ച വ്യക്തികളെ കുറിച്ചുള്ള സവിശേഷവും ആകർഷകവുമായ കഥകളാണ് അവതരിപ്പിക്കുന്നത്.41 വയസ്സുള്ള ജിതിൻ വിജയൻ സ്കൈ ഡൈവിംഗ് രംഗത്ത് ഒരു പുതുമുഖമല്ല. നിരവധി റെക്കോർഡുകൾ ഇതിനകം തന്നെ തന്റെ പേരിൽ അദ്ദേഹം കുറിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ചാട്ടം ലോകമാകമാനമുള്ള സ്കൈ ഡൈവിംഗ് പ്രേമികൾക്ക് ഒരു പ്രചോദനമായി മാറിക്കഴിഞ്ഞു. മാത്രമല്ല, ദേശീയ പതാകയുമായി ഏറ്റവും ഉയരത്തിൽ നിന്നും സ്കൈ ഡൈവിങ് ചെയ്തതിനുള്ള ലോക റെക്കോർഡും ഇതുവഴി അദ്ദേഹം കരസ്ഥമാക്കി. വിജയന്റെ ധീരമായ ആ ശ്രമത്തിന് മുൻപ്, 30,000 അടിക്കു മീതെ ഉയരത്തിൽ നിന്നും സ്കൈ ഡൈവിംഗ് നടത്താൻ ആർക്കും സാധിച്ചിട്ടില്ല. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ നേട്ടം സ്കൈ ഡൈവിംഗ് ലോകത്ത് ഒരു സുപ്രധാന നാഴികക്കല്ലായി മാറിയിരിക്കുകയാണ്.

# 2024 എആർആർസി ഹോണ്ട റേസിങ്: ഇന്ത്യക്കായി പോയിന്റ് നേടി മൊഹ്സിൻ പറമ്പൻ



**കൊച്ചി:** തായ്ലാൻഡിലെ ചാങ് ഇന്റർനാഷണൽ സർക്യൂട്ടിൽ തുടങ്ങിയ 2024 ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ ആദ്യ റൗണ്ടിൽ മികച്ച പ്രകടനവുമായി ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം റൈഡർമാർ. എപി250 ക്ലാസിലെ ആദ്യറേസിൽ ഹോണ്ട റേസിങ് ഇന്ത്യ റൈഡർ മൊഹ്സിൻ പറമ്പൻ 14ാം സ്ഥാനത്ത് ഫിനിഷ് ചെയ്ത് ടീമിനായി രണ്ട് നിർണായക പോയിന്റുകൾ നേടി. സഹതാരം കാവിൻ ക്വിന്റൽ നിർഭാഗ്യകരമായ സാഹചര്യങ്ങൾ കാരണം അയോഗ്യനാക്കപ്പെട്ടു. 19:25.971 സമയത്തിലാണ് മലപ്പുറം സ്വദേശിയായ മൊഹ്സിൻ മത്സരം പൂർത്തിയാക്കിയത്.എആർആർസിയിൽ മത്സരിക്കുന്നത് എല്ലായ്പ്പോഴും ആവേശകരമായ അനുഭവമാണെന്ന് മൊഹ്സിൻ പറമ്പൻ പറഞ്ഞു.

എന്റെ പ്രകടനത്തിൽ ഞാൻ സന്തുഷ്ടനാണെന്നും 21കാരനായ താരം കൂട്ടിച്ചേർത്തു.ട്രാക്കിൽ തന്റെ പരമാവധി നൽകിയെങ്കിലും നിർഭാഗ്യവശാൽ യോഗ്യത ലഭിച്ചില്ലെന്നും, അടുത്ത റേസിൽ ഈ പാഠമുൾക്കൊണ്ടായിരിക്കും മത്സരിക്കുകയെന്ന് കാവിൻ ക്വിന്റൽ പറഞ്ഞു.അടുത്ത റേസിനായി ഞങ്ങളുടെ രണ്ട് റൈഡർമാരും കൂടുതൽ ശക്തമായി തിരിച്ചുവരുമെന്നും, അവരുടെ കഴിവിൽ വിശ്വാസമുണ്ടെന്നും ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യ സെയിൽസ് ആൻഡ് മാർക്കറ്റിങ്ങ ഡയറക്ടർ യോഗേഷ് മാത്തൂർ പറഞ്ഞു.എഫ്ഐഎം ഏഷ്യ റോഡ് റേസിങ് ചാമ്പ്യൻഷിപ്പിന്റെ 27ാമത് എഡിഷനാണിത്. ആറു റൗണ്ടുകളാണ് ആകെയുള്ളത്. 2024 ഏപ്രിലിൽ ചൈനയിലെ സുഹായ് ഇന്റർനാഷണൽ സർക്യൂട്ടാണ് രണ്ടാം പാദത്തിന് ആതിഥേയത്വം വഹിക്കുക

# സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ ലിസ്റ്റിങ്ങുകൾക്കു തുടക്കമായി

**കണ്ണൂർ:** നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിലെ (എൻഎസ്ഇ) സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ചിൽ (എസ്എസ്ഇ) ആദ്യ അഞ്ച് ലിസ്റ്റിങ്ങുകൾ നടത്തി. സ്വാമി വിവേകാനന്ദ യൂത്ത് മൂവ്മെന്റ്, ട്രാൻസ്ഫോം റൂറൽ ഇന്ത്യ, മുക്തി, ഏകലവ്യ ഫൗണ്ടേഷൻ, എസ്ജിബിഎസ് ഉന്നതി ഫൗണ്ടേഷൻ എന്നിവയുടെ ലിസ്റ്റിങ്ങാണ് നടന്നത്. വിവിധ വികസന പദ്ധതികൾക്ക് പ്രയോജനപ്പെടുത്താനായി ഏകദേശം 8 കോടി രൂപയോളമാണ് ഈ ലിസ്റ്റിങ്ങുകളുടെ ഫലമായി ലഭ്യമായത്.സെബി ചെയർപേഴ്സൺ മാധബി പുരി പുച്ച്, സെബിയുടെ സോഷ്യൽ സ്റ്റോക്ക് എക്സ്ചേഞ്ച് അഡ്വൈസറി കമ്മിറ്റി ചെയർമാൻ ഡോ. ആർ ബാലസുബ്രഹ്മണ്യം തുടങ്ങിയവരുടെ സാന്നിധ്യത്തിലായിരുന്നു ലിസ്റ്റിങ് ചടങ്ങ്.

# കുസാറ്റ്: സെമിനാർ 22ന്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് 'ഇൻവെസ്റ്റ് ഇൻ വുമൺ: ആക്സിലറേറ്റ് പ്രോഗ്രസ്' എന്ന വിഷയത്തിൽ മാർച്ച് 22,23 തീയതികളിൽ ദേശീയ സെമിനാർ നടക്കുന്നു.കുസാറ്റിലെ വിമൺസ് സ്റ്റഡീസ് സെന്റർ സംഘടിപ്പിക്കുന്ന സെമിനാറിൽ പങ്കെടുക്കാൻ വിദ്യാർത്ഥികൾക്ക് 250 രൂപയും സ്കോളർക്ക് 500 രൂപയും അധ്യാപകർക്ക് 1000 രൂപയുമാണ് രജിസ്ട്രേഷൻ തുക.ഉദ്യോഗാർത്ഥികൾക്ക് അവരുടെ പേപ്പർ ഇംഗ്ലീഷിലോ മലയാളത്തിലോ ഹിന്ദിയിലോ അവതരിപ്പിക്കാം.തിരഞ്ഞെടുക്കപ്പെടുന്ന പേപ്പറുകൾ ഡിപ്പാർട്ട്മെന്റിന്റെ പിയർ റിവ്യൂഡ് ജേണലായ ഡബ്ല്യു.ഇ.ടി യിൽ പ്രസിദ്ധീകരിക്കും.9495015422 എന്ന നമ്പറിലേക്ക് രജിസ്ട്രേഷൻ തുക ഗൂഗിൾ പേ വഴി അടക്കാവുന്നതാണ്.

കുസാറ്റ് വിമൺസ് സ്റ്റഡീസ് സെന്റർ ഡയറക്ടർ ഡോ.കെ.അജിത, സെമിനാർ കോഡിനേറ്റർമാരായ ഡോ.ദേവി സൗമ്യജ, ഡോ. സംഗീത.കെ.പ്രതാപ്, ഓർഗണൈസിങ്ങ് കമ്മിറ്റി മെമ്പർ റിതു വിമൽ എന്നിവരാണ് സംഘാടകർ. കൂടുതൽ വിവരങ്ങൾക്ക് +91 9350656470 എന്ന നമ്പറിൽ ബന്ധപ്പെടുക.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives !




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663